22-05-2012
അബൂദാബി

Ref: RAK/CC/MINITSM/TAS/01

RAK-വാർഷിക ജനറൽ ബോഡി

11-05-2012 - വെള്ളിയാഴ്ച, ഖലീഫ പാർക്ക്,

അബൂദാബി.

ജനാബ് അബ്ദുൽ റഷീദിന്റെ പ്രാർത്ഥനയോട് കൂടി 10.10-ന് യോഗ നടപടി ആരംഭിച്ചു. ആദ്യം സ്വാഗതം പറയുന്നതിന് വേണ്ടി ജനാബ് ഷരീഫിനെ ഈ പൊതുയോഗത്തിന്റെ അദ്ധ്യക്ഷനായ ജനാബ് ഷിഹാബ് (വാദ്യക്കുടി) ക്ഷണിച്ചു. ചുരുങ്ങിയ രീതിയിൽ തന്നെ സ്വാഗതം പറയുകയും തന്റെ സ്വാഗത പ്രസംഗത്തിൽ ഐക്യവും അച്ചടക്കത്തെയും കാത്ത് സൂക്ഷിക്കാനും അദ്ദേഹം ഓർമ്മിപ്പിച്ചു. തുടർന്ന് അദ്ധ്യക്ഷൻ ജനറൽ ബോഡി മുമ്പാകെ അജണ്ടകൾ അവതരിപ്പിച്ചതിന് ശേഷം.

അബൂദാബി കമ്മിറ്റിയുടെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുന്നതിനായി അബൂദാബി സോൺ സെക്രട്ടറി ജനാബ് ഇഖ്ബാലിനെ ക്ഷണിക്കുകയും അദ്ദേഹം കഴിഞ്ഞ ഒരു വർഷത്തെ അബൂദാബി സോണിന്റെ പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിക്കുകയുണ്ടായി.

അതിന് ശേഷം അൽ ഐൻ കമ്മിറ്റിയുടെ പ്രവർത്തന റിപ്പോർട്ടും കണക്കും അൽ ഐൻ സെക്രട്ടറിയായ ജ: അൻസാർ തുടർന്ന് ദുബൈ കമ്മിറ്റിക്ക് വേണ്ടി ദുബൈ സെക്രട്ടറിയായ ജ: അഷീർവാന്ത് ബാബിന്റെ പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു.

തുടർന്ന്, സെൻട്രൽ കമ്മിറ്റിയുടെ റിപ്പോർട്ട് അവതരിപ്പിക്കുന്നതിനായി സെൻട്രൽ കമ്മിറ്റി സെക്രട്ടറി ജ: ആസാദിനെ ക്ഷണിച്ചു.

ആദ്യം കഴിഞ്ഞ ജനറൽ ബോഡിയിൽ ചർച്ചക്ക് വെക്കുകയും പാസാക്കുകയും ചെയ്ത കാര്യങ്ങളുടെ സംക്ഷിപ്ത രൂപം ആമുഖമായി ജനറൽ ബോഡിയിൽ ഓർമപ്പെടുത്തി. ശേഷം സംഘടനയുടെ രൂപീകരണ സമയംമുതലുള്ള പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചതിന് ശേഷം, വത്തന്റെ പ്രവർത്തന റിപ്പോർട്ട് സെൻട്രൽ കമ്മിറ്റി സെക്രട്ടറിയെന്ന നിലയിൽ വത്തൻ RAK-കമ്മിറ്റിക്ക് വേണ്ടി ജനറൽ ബോഡിയിൽ വായിച്ച് കേൾപ്പിക്കുകയും ചെയ്തു.

തുടർന്ന്, ആശയ ആവിഷ്കരണത്തിനായി ജ: അബ്ദുൽ അസീസിനെ ക്ഷണിച്ചു. സംഘടനയുടെ വളർച്ചക്ക് ലക്ഷ്യപ്രാപ്തിയിലുമെത്താൻ ഉദ്ദേശം-

വരുടെയും കൂടിയ പ്രവർത്തനമാണ് വേണ്ടതെന്ന് ഓർമ്മപ്പെടുത്തി.

<u>അജണ്ടകളും അതിൻമേൽ എടുത്ത തീരുമാനങ്ങളും</u>

1 ലോൺ തുക 3000.00-ത്തിൽ നിന്ന് 4000.00 ആക്കി ഉയർത്തുക:- ഈ വിഷയത്തിൽ ജനറൽ ബോഡി ഒന്നാകെ അംഗീകാരം നൽകി.

2. ലോൺ ഗ്യാരന്റർ രണ്ടിൽ നിന്ന് ഒന്നായി കുറക്കുക:-
ഇതിനും അംഗീകാരം നൽകി.

3. ചാരിറ്റി, നാട്ടിൽ പ്രദേശത്ത് താമസിക്കുന്ന മറ്റു പ്രദേശക്കാരെയും പരിഗണിക്കുക:-
തീർച്ചയായും പരിഗണിക്കേണ്ടതാണെന്നും, അതിന് അതാതു സമയത്തുള്ള സെൻട്രൽ കമ്മിറ്റിക്ക് അർഹരെന്ന് ബോധ്യപ്പെട്ടാൽ ഉചിതമായ തീരുമാനമെടുക്കാൻ ജനറൽ ബോഡി അനുമതി നൽകി.

4. നാട്ടിൽ നിന്ന് വന്ന സഹായ അപേക്ഷകൾ:-
നാട്ടിൽ നിന്നും പൂർണ്ണമായി വന്ന സഹായ അപേക്ഷകളിൻമേൽ പൂർണ്ണമായി നിലവിൽ വരുന്ന കമ്മിറ്റിക്ക് അർഹരായവരെ മുൻഗണനാക്രമത്തിൽ തിരഞ്ഞെടുക്കാൻ അനുമതിപ്പെടുത്തി.

5. വത്തൻ കമ്മിറ്റി റിപ്പോർട്ട്:-
വത്തനിൽ നിന്ന് വന്ന റിപ്പോർട്ടിൽ -

മേൽ ഗൗരവമായ ചർച്ച തന്നെ നടക്കുകയും വേണ്ടത് കമ്മിറ്റി നിർദേശിക്കുന്ന നല്ല തീരുമാനങ്ങൾ പൂർണ്ണമനസ്സോടെ അംഗീകരിക്കാനും ഉദ്ദേശശുദ്ധിയെ വേണം നില നിർത്താനും സെന്റർ കമ്മിറ്റിയെ ബോധ്യപ്പെടുത്തുകയുമായി.

RAK-ന്റെ ഭാവി പരിപാടികൾ

തീരുമാനം ചെയ്യേണ്ട Technichal Committee ഒരു Jumbo Committee ആയി പോയതായി ആക്ഷേപമുണ്ടായി. നോർത്ത് യു.എ.ഇ.-യിലേയും ഭൂരിഭാഗം മെമ്പറന്മാർ വന്നിട്ടില്ലെന്നും ബോധിപ്പിക്കുകയുമായി. അതിന്റെ അടിസ്ഥാനത്തിൽ Technical Committee-യുടെ അംഗസംഖ്യ 21-ൽ നിന്ന് 11-ആയി ചുരുക്കാൻ ജനറൽ ബോഡിയിൽ തീരുമാനമായി.

ജനറൽ ബോഡി നിർദേശിച്ച Technical Committee Members-നെ താഴെ കൊടുക്കുന്നു.

ജനാബ് : ഇഖ്ബാൽ - ചെയർമാൻ
,, : അഡ്വ. അൻസാരി - മെമ്പർ
,, : ഷുക്കൂർ - ,,
,, : ഉല്ലാസ് - ,,
,, : ഷെമീറി - ,,
,, : നൗഷാദ് - ,,

ജനാബ് : അബ്ദുള്ള സവാദ് - മെമ്പർ
,, : ഷാഫി (RAK PRESI.) - ,,

ബാക്കി മൂന്ന് പേരെ RAK Qatar Committee - നിർദ്ദേശിക്കുന്നതിനായി അവരുമായി ബന്ധപ്പെടാൻ സെൻട്രൽ കമ്മിറ്റിയെ ജനറൽ ബോഡി ചുമതലപ്പെടുത്തി.

ഇതിനോടൊപ്പം വരുന്ന RAK ജനറൽ ബോഡി നിർദ്ദേശിച്ച, രണ്ട് പേരെ Invest Teamil-ൽ ~~ജനറൽ ബോഡി~~ ഉൾപ്പെടുത്താൻ ജനറൽ ബോഡി അനുമതി നൽകുകയും സെൻട്രൽ കമ്മിറ്റിയുടെ പ്രസിഡന്റിനെ Invest teamil-ൽ നിന്ന് ഒഴിവാക്കിക്കൊണ്ട് അംഗസംഖ്യ അഞ്ചായി നിലനിർത്തിയിട്ടുണ്ട്.

ഈ വിഷയങ്ങളിലെല്ലാം വരുന്ന RAK-ന്റെ അഭിപ്രായങ്ങൾ അറിയാൻ സെൻട്രൽ കമ്മിറ്റിയെ നിയോഗിച്ചു.

6. ലൈബ്രറി പുനഃരുദ്ധാരണം:-

ലൈബ്രറി പുനഃരുദ്ധാരണവുമായി ബന്ധപ്പെട്ട് നടന്ന ചർച്ചകൾക്കൊടുവിൽ (50000.00) അൻപതിനായിരം രൂപ ചാരിറ്റിയിൽ നിന്ന് നൽകാനും ബാക്കി തുക Sponsership -

വഴിയും ഉണ്ടാക്കാനാണ് തീരുമാനമായത്.
ഖത്തർ RAK-ന്റെ പൊതു അഭിപ്രായമനുസരിച്ചു സെൻട്രൽ കമ്മിറ്റിയെ ജനറൽ ബോഡി ചുമതലപ്പെടുത്തി.

7. RAK-മെമ്പർ വെൽഫെയർ:-

അർഹതപ്പെട്ടവർക്കു, അവരുടെ അപേക്ഷയുടെ അവസ്ഥാനുസരിച്ച്, അവർ സഹായം അഭ്യർത്ഥിക്കുകയോ അല്ലാത്തപക്ഷം അവർ അർഹരാണെന്ന് ബോധ്യപ്പെടുകയോ ചെയ്താൽ അപ്പോൾ നിലവിലുള്ള കമ്മിറ്റിക്ക് ഉചിതമായ തീരുമാനമെടുക്കാൻ ജനറൽ അധികാരപ്പെടുത്തി.

8. നാട്ടിലെ കമ്മിറ്റികളെയും ഔദ്യോഗികമായി അംഗീകരിക്കുക:-

ഈ വിഷയത്തിൽ അവരെ നമ്മോടൊപ്പം നമുക്ക് തുല്യമായി മെമ്പർഷിപ്പ് നൽകി ഒരു ഔദ്യോഗികമായി അംഗീകരിക്കാൻ ചില സാങ്കേതിക പ്രശ്നങ്ങൾ ഉള്ളതിനാൽ അവരെയും നമ്മെ പോലെ ഒരു പൊതുവായ സമാന്തര സംഘടനക്ക് രൂപം നൽകാനും ഭാവിയിൽ യോജിക്കാൻ ചേരുന്ന മേഖലകളിൽ ഒരുമിച്ച് പ്രവർത്തിക്കാമെന്നുള്ള ഒരു അഭിപ്രായമാണ് ജനറൽ

ബോഡിയിൽ ഉറപ്പിച്ചിരിക്കുന്നു വന്നു:

9. ചാരിറ്റിയും ക്ഷേമനിധിയും രണ്ട് വേദിയാക്കും:-

എല്ലാ മെമ്പർമാർക്കും ഒരേ അധികാരവും അഭിപ്രായ സ്വാതന്ത്ര്യവും ഉണ്ടാവും. ആരുടെ നല്ല അഭിപ്രായങ്ങളും നിർദേശങ്ങളും, അതു സംഘടനക്ക് ഗുണപ്രദമെങ്കിൽ സ്വീകരിക്കും. ആയതിനാൽ, ഇപ്പോൾ തുടർന്ന് പോകുന്ന രീതി മാറ്റിയെന്ന് ജനറൽ ബോഡി ഉപദേശിക്കുകയും അതു അംഗീകരിക്കുകയും ചെയ്തു.

10. മെഹ്റിന്റ് ഈവനിംഗ്.

11. RAK- കലണ്ടർ.

12. കുട്ടികളുടെ കൂട്ടായ്മ.

10, 11, 12 - അജണ്ടകളിൻമേൽ സെൻട്രൽ കമ്മിറ്റി തീരുമാനമെടുത്ത് നടപ്പിലാക്കാൻ ജനറൽ ബോഡി നിർദേശിച്ചു.

13. കമ്മിറ്റി രൂപീകരണം:-

| | | |
|---|---|---|
| ജനാബ് | : ഷാഫി. | പ്രസിഡന്റ് |
| ,, | : ഷുക്കൂർ. | വൈ. പ്രസിഡന്റ് |
| ,, | : അമീർഖാൻ | വൈ. പ്രസിഡന്റ് |
| ,, | : റാഫി | ജ: സെക്രട്ടറി |
| ,, | : ആസാദ് | സെക്രട്ടറി. |

ജനാബ് : ഉല്ലാസ് - സെക്രട്ടറി
" : ഇബ്ബാൻ - ട്രഷറർ
" : റാഫി - മെമ്പർ
" : സാജിർ - "
" : ഷിബു - [illegible]
" : അസീം - "
" : ഷാക്കി - "
" : ഫിംലാദ് - "
" : അബ്ദുള്ള - "
" : അഡ്വ. അൻസാരി - അഡ്വൈസർ.

14. രക്ഷാധികാരികൾ (ഹൈ പവർ കമ്മിറ്റി)

ജനാബ് : അബ്ദുൽ അസീസ്
" : ഷിഹാബ്
" : ഫാസിൽ
" : സലാം
" : അലാവുദ്ദീൻ
" : മഹമൂദ്
" : കാമിൽ
" : ഷെരീഫ്
" : സാദിഖ്

രക്ഷാധികാരികൾ അഥവാ പൈ ചവർ കമ്മിറ്റി-
യുടെ ചുമതല:- നമ്മുടെ സംഘടനയുമായി
ബന്ധപ്പെട്ട ഏതെങ്കിലും വിഷയങ്ങളിൽ
പെട്ടെന്ന് തീരുമാനമെടുക്കാനാവാതെ വരുന്ന
സമയത്ത് യുക്തവും നിർപൂർവ്വവുമായ തീരു
മാനമെടുക്കാനുള്ള അധികാരം ഇതിനാൽ
ബോഡി പൈ ചവർ കമ്മിറ്റിക്ക് ചുമതല-
പ്പെടുത്തിയിരിക്കുന്നു.

തുടർന്ന് ആശംസ പ്രസംഗത്തിനായി
അദ്ധ്യക്ഷൻ ജ: അബ്ദുള്ള സഖാഫിനെ ക്ഷണിക്കു-
കയും തുടർന്ന് ജ: അബ്ദുൽ അസീസ്, ജ: ഹാരിസ്
ജ: ഷാഫി, ജ: അനസ്, ജ: മഹ്മൂദ്, ജ: ത്വാഹ
എന്നിവർ അദ്ധ്യക്ഷന്റെ ക്ഷണപ്രകാരം ആശംസ
അറിയിക്കുകയും ചെയ്തു.

അതിന് ശേഷം ജ: അഷീർഖാൻ
നന്ദി പറയുകയും പിന്നീട് യോഗ നടപടികൾ
അവസാനിച്ചതായി അദ്ധ്യക്ഷൻ അറിയിക്കുകയും
ചെയ്തു.

വെല്ലുവിളിയേറ്റ് RAK വളരാൻ ശ്രമിക്കും.

നമ്മുടെ പ്രവർത്തന മണ്ഡലവും ലക്ഷ്യവും ഒന്നായതിനാൽ, ഭാവി പരിപാടികൾ ഒരുമിച്ച് ഒരു മനസ്സോടെ കാര്യങ്ങൾ നടപ്പിലാക്കാൻ ഒരുമിച്ച് ശ്രമിക്കാം. ചില സാങ്കേതിക ബുദ്ധിമുട്ടുകൾ നമ്മുടെ പരസ്പര പ്രവർത്തനത്തിന് പ്രയാസം സൃഷ്ടിക്കുന്നുവെങ്കിലും ഒരു പ്രദേശവാസികളായ നമ്മൾ ഒരുമിച്ച് നിൽക്കേണ്ടത് നമ്മുടെ ഓരോ വ്യക്തിയുടെയും നാടി-ന്റെയും ആവശ്യമാണ്. അങ്ങനെയുള്ള ഒരു പ്രവർത്തനത്തി-ലൂടെ RAK-ന്റെ ഓരോ മെമ്പർമാർക്കും നാടിനും നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് ഒരുമിച്ച് പ്രയത്നിക്കാം.

ഈ ജനറൽ ബോഡിയിൽ ഉയർന്നുവന്ന വിഷയത്തിൽ നാടിന്റെയും നാട്ടുകാരുടെയും വികസനത്തി-നൊപ്പം ഈ പ്രവാസ ഭൂമിയിൽ നമ്മുടെ ക്ഷേമത്തിന്റെയും സന്തോഷത്തിന്റെയും പാതകൾ തെളിയിക്കാൻ ലക്ഷ്യത്തി-ലേക്കുള്ള പ്രയാണത്തിൽ ഒരുമിച്ച് മുന്നേറാം....

“അഭയം ഉ അതിലേക്ക്”.

നന്ദിയോടെ,

സെൻട്രൽ കമ്മിറ്റിക്ക് വേണ്ടി

ജനറൽ സെക്രട്ടറി.